⇨ *കൊല്ലപ്പെട്ട ടി.പി ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കണമെന്നുമുണ്ട്* ⇨

# മഹാശ്വേതാദേവി എന്ന മനുഷ്യമഹാമാപിനി

ഒരിക്കലും സാഹിത്യമണ്ഡലത്തിൽ മാത്രം ഒതുങ്ങാതെ, പോരാളികളായ ആക്ടിവിസ്റ്റുകൾക്കും വികസന ഫാഷിസത്തിന്റെ ഇരകളായ ആദിവാസികൾക്കും ദളിതർക്കും ഒപ്പം സഞ്ചരിച്ച്, അവർക്ക് തണലും കരുത്തമേകിയ മുഴുനീള രാഷ്ട്രീയക്കാരി കൂടിയായിരുന്നു മഹാശ്വേതാ ദേവി. അടുത്തിടെ അന്തരിച്ച പ്രശസ്ത എഴുത്തുകാരിയുടെ കേരള സന്ദർശനാനുഭവങ്ങൾ ഓർമ്മിക്കുന്നു

**പി.എം. ജയൻ**

2012 മെയിൽ, വെട്ടിമുറിക്കപ്പെട്ട ഒരു വിമതനേതാവിന്റെ നിശ്ചലദേഹം മനസ്സിൽനിന്ന് കുടഞ്ഞെറിയാനാകാതെ വേദനയാൽ വീർപ്പുമുട്ടിനിൽക്കുന്ന നാളുകളിലൊന്നിലാണ് കൊൽക്കത്തയിൽനിന്ന് ജോഷിയേട്ടന്റെ (ജോഷി ജോസഫ്) ഫോൺവിളി. “ദീദിക്ക് മെയ് 11 ന് കേരളത്തിലൊരു പരിപാടിയുണ്ട് (ആലപ്പുഴയിൽ തകഴി ജന്മശതാബ്ദി ആഘോഷം). ഞങ്ങൾ വരുന്നുണ്ട്. പറ്റുമെങ്കിൽ കാണണം. കൊല്ലപ്പെട്ട ടി.പി ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കണമെന്നുമുണ്ട്...” ഇതു കേട്ടതോടെ ടി.പിയുടെ കൊലപാതകത്തെക്കുറിച്ചും അത് നാട്ടിലുണ്ടാക്കിയ ആഘാതത്തെക്കുറിച്ചുമായി എന്റെ സംസാരം. ടി.പിയുമായി എനിക്കുണ്ടായിരുന്ന അടുപ്പവുംകൂടി അറിഞ്ഞതോടെ ജോഷിയേട്ടന്റെ മറുപടി തറപ്പിച്ചതായി. “അവിടെ തീർച്ചയായും വരും. മെയ് 12ന് നിശ്ചയിച്ചിരുന്ന ആലപ്പുഴ കായലിലെ ബോട്ട്യാത്ര ഒഴിവാക്കി അങ്ങോട്ട് തിരിക്കും. നമുക്കവിടുന്ന് നിർബന്ധമായും കാണണം.” ദീദിയുടെ ഈ സന്ദർശനമായിരന്നു കേരളത്തിനതുവരെ പരിചയമില്ലാത്ത തലത്തിലേക്ക് ഒരു രാഷ്ട്രീയകൊലപാതക ചർച്ച വികസിച്ചതിൽ ഒരു കാരണം. പോരാത്തതിന് എണ്ണമറ്റ എഴുത്തുകാരും മറ്റ് കലാകാരന്മാരും വിവിധമാദ്ധ്യമങ്ങളിലൂടെ തങ്ങളുടെ നിലപാടുകൾ സർഗാത്മകമായും അല്ലാതെയും തുറന്നടിച്ചതും അതിൽ പിന്നീടാണ്. തന്റെ എൺപത്തിയാറാമത്തെ വയസ്സിൽ രോഗത്തിന്റെ അവശതകൾ ഒഴികഴിവുകൾക്കുള്ള കാരണമാക്കി മാറ്റാതെ രക്തസാക്ഷിയുടെ നീതിക്കുവേണ്ടി ഓടിയെത്തിയത് മറ്റ് പലരെയുംപോലെ പബ്ലിസിറ്റിക്കുവേണ്ടിയായിരുന്നില്ല. മറിച്ച് എത്രയോ കാലമായി ബംഗാളിന്റെ ഇടതുപക്ഷ രാഷ്ട്രീയമൂശയിൽ പരുവപ്പെട്ട മഹത്തായ പ്രതിഭയ്ക്ക് വിമതപോരാട്ടത്തോടും രക്തസാക്ഷിത്വത്തോടുമുള്ള ഹൃദയം തുറന്ന കൂറ് പ്രകടിപ്പിക്കാതെ വയ്യ എന്നതുകൊണ്ടായിരുന്നു. ചന്ദ്രശേഖരന്റെ ബന്ധുമിത്രങ്ങളെ സന്ദർശിച്ചപ്പോഴും കോഴിക്കോട് നഗരം അതുവരെ കണ്ടിട്ടില്ലാത്ത, എഴുത്തുകാരുടെയും സാംസ്കാരികപ്രവർത്തകരുടെയും പ്രതിഷേധ മഹാസംഗമം ഉദ്ഘാടനം ചെയ്തപ്പോഴും ഈ ആത്മസമർപ്പണത്തിന്റെ വെളിച്ചം ഏവരും കണ്ടും കേട്ടുമറിഞ്ഞതാണ്. ടി.പിയുടെ നാട്ടിലെ മഹാജനസഞ്ചയത്തിനും തളർന്നുപോയേക്കാവുന്ന കുടുംബത്തിനും സമാശ്വാസത്തിന്റെ തണുപ്പേകിയാണ് അവരവിടുന്ന് മടങ്ങിയത്. ടി.പിയെ വെട്ടിക്കൊന്ന സ്ഥലം സന്ദർശിക്കണമെന്ന് മടക്കയാത്രാ

മധ്യേ അവർ വാശി പിടിച്ചു. വള്ളിക്കാട്ടെ റോഡരുകിൽ മെയ് 4ന് അർധരാത്രിയിലാണ് ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന ടി.പി ചന്ദ്രശേഖരനെ അക്രമികൾ വെട്ടിവീഴ്ത്തിയത്. ചോരപ്പാടുകൾ അപ്പോഴും ശേഷിക്കുന്ന ആ മണ്ണിലേക്ക് ദീദി കാലെടുത്തുവെക്കുമ്പോൾ ജോഷിജോസഫും സി.ആർ നീലകണ്ഠനും ഫാ. അഗസ്റ്റിൻ വട്ടോളിയുമടക്കം വിരലിലെണ്ണാവുന്നവരേ ഒപ്പമുണ്ടായിരുന്നുള്ളൂ. പ്രാർത്ഥനാപൂർവം മൗനഭാരത്താൽ അവിടെ കുറച്ചുനേരം ചെലവഴിച്ച ആ അമ്മ നൊടിയിടയിൽ കുനിഞ്ഞ് ഒരുപിടി മണ്ണെടുത്ത് തന്റെ കർച്ചീഫിൽ പൊതിഞ്ഞപ്പോൾ ഒപ്പം നിന്നവരുടെ കണ്ണുകളും നിറഞ്ഞുപോയി.

മഹാശ്വേതാദേവിയുടെ ജീവിതത്തിലെ വികാരതീവ്രമായ ഇടപെടലിന്റെ എണ്ണമറ്റ ചിത്രങ്ങളിൽ ഒന്നുമാത്രമാണിത്. വിമതരുടെ വീര്യത്തെയും ചോരയെയും ചന്ദ്രശേഖരൻ കൊല്ലപ്പെടുന്നതിനും എത്രയോ മുമ്പേ തൊട്ടറിഞ്ഞ എഴുത്തുകാരിയാണിവർ. അവരുടെ ജീവിതവും എഴുത്തും എന്നും റിബലുകൾക്കും നിന്ദിതർക്കുമൊപ്പംതന്നെയായിരുന്നു. അതുമായി ബന്ധപ്പെട്ടുതന്നെയാണ് അവരുടെ മിക്ക രചനകളും. ഭരണകൂടത്തിന്റെ സഹായത്തോടെ കൊല ചെയ്യപ്പെട്ട ബഷായ് ടുഡു എന്ന വിമതപോരാളിയെക്കുറിച്ചുള്ള 'ഓപ്പറേഷൻ ബഷായി ടുഡു' എന്ന നോവൽ അതിലൊന്നുമാത്രം. ഒഞ്ചിയം സന്ദർശനവേളയിൽ ഈ നോവൽ ചന്ദ്രശേഖരന് സമർപ്പിക്കുന്നുവെന്ന പ്രഖ്യാപനവും അവർ നടത്തി. അതേക്കുറിച്ച് പിന്നീട് അവരിങ്ങനെ എഴുതി-"ടി.പി ചന്ദ്രശേഖരന്റെ ഭാര്യ രമയെ ഞാൻ കാണാൻ പോയ സമയത്ത് ചില യുവസഖാക്കൾ പറഞ്ഞത് ബഷായ് ടുഡു എന്ന എന്റെ പുസ്തകം മലയാളത്തിലേക്ക് തർജമ ചെയ്യണമെന്നാണ്. ബഷായി ടുഡുവിൽ എന്റെ നായകൻ ഒരു കർഷകനായിരുന്നു. വിപ്ലവകാരിയായിരുന്നു. അന്നത്തെ സർക്കാർ അയാളെ കൊല്ലാൻ ആഗ്രഹിച്ചു. അയാൾ കൊല്ലപ്പെട്ടു. അയാളുടെ ശവശരീരം തിരിച്ചറിഞ്ഞു. എന്നാലും വീണ്ടും മറ്റൊരു വിപ്ലവകാരി അയാളുടെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ട് സ്വയം പ്രഖ്യാപിച്ചു, താനാണ് ബഷായ് ടുഡുവെന്ന്. എന്റെ ബഷായി ഒരിക്കലും മരിക്കില്ല, അയാൾ ശരിക്കും ജനസമ്മതനായ നേതാവായിരുന്നു. ജനങ്ങളുടെ ഓർമകളിൽ അയാളിന്നും ജീവിക്കുന്നു. അതേപോലെ ടി.പിയും അമരനാണ്. അയാൾ ജനങ്ങളുടെ ഓർമകളിൽ എന്നും ജീവിക്കുകയും അവർക്ക് വഴികാട്ടിയാകുകയും ചെയ്യും, എന്റെ ബഷായിയെപ്പോലെ..." ( ഈ നോവൽ പിന്നീട് സുനിൽ ഞാളിയത്ത് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ചന്ദ്രിക ആഴ്ചപ്പതിപ്പ് ഖണ്ഠശമായി പ്രസിദ്ധീകരിച്ചു.)

ഒരിക്കലും സാഹിത്യമണ്ഡലത്തിൽ മാത്രം ഒതുങ്ങാതെ, പോരാളികളായ ആക്ടിവിസ്റ്റുകൾക്കൊപ്പവും വികസന ഫാഷിസത്തിന്റെ ഇരകളായ ആദിവാസികൾക്കും ദളിതർക്കും സാധാരണജനതയ്ക്കൊപ്പവും ചേർന്ന് അവർക്ക് തണലായും കരുത്തായും ഓടിയെത്തുന്ന മുഴുനീള രാഷ്ട്രീയക്കാരി കൂടിയായിരുന്നു ദീദി. അവർ സത്യത്തിന്റെയും നീതിയുടെയും ഭാഗംചേർന്ന് സ്വന്തം നിലപാട് നിർഭയം തുറന്നടിക്കുന്നു, പോരാട്ടഭൂമിയിലേക്ക് ഇറങ്ങിത്തിരിക്കുന്നു. അതാണ് മഹാശ്വേതാദേവി. അത്രയ്ക്ക് അവധാനതയോടെയാണ് വാക്കിനെയും പ്രവർത്തിയെയും അവരെന്നും കൂട്ടിയോജിപ്പിരുന്നത്. ലക്ചറർ ജോലിയിൽനിന്ന് അവധിയെടുത്ത് കുഗ്രാമങ്ങളിലേക്ക് തന്റെ അന്വേഷണവും അലച്ചിലും തുടങ്ങിയ പ്രതിഭയ്ക്ക് സാധാരണക്കാരുടെ മനസ്സ് വായിക്കാനുള്ള കഴിവ് തുടക്കംമുതലേ ഉണ്ടായിരുന്നു. ആദ്യപുസ്തകമായ 'ഝാൻസി റാണി' എഴുതുന്നതിനുവേണ്ടി നടത്തിയ യാത്രയ്ക്ക് പുറമെ ആദിവാസി ഊരുകളിലേക്കും മറ്റനവധി അധഃസ്ഥിത ജനവിഭാഗങ്ങളിലേക്കും അവരുടെ നോവുകളൊപ്പാൻ അവരലഞ്ഞുനടന്നു. സാധാരണക്കാരന്റെ കണ്ണീരും കിനാവും ചേർന്ന ജീവിതത്തിന്റെ ചൂര് അവരുടെ കൃതികളിൽ എന്നും സ്പന്ദിച്ചുകൊണ്ടേയിരുന്നു. അതുകൊണ്ടുതന്നെയായിരിക്കാം അവരുടെ ജീവചരിത്രം അഭ്രപാളിയിൽ പകർത്തിയ ഡോക്യുമെന്ററി മെയ്ക്കർ ജോഷിജോസഫ് അവരെ മനുഷ്യമഹാമാപിനിയെന്ന് വിശേഷിപ്പിച്ചതും.

ഒരേ സമയം ആക്ടിവിസ്റ്റും ആർട്ടിസ്റ്റുമായി മുഴുവൻസമയം ജീവിച്ച ഇന്ത്യയിലെ അപൂർവ പ്രതിഭയായിരുന്നു അവർ. ദന്തഗോപുരവാസം അവരിഷ്ടപ്പെട്ടില്ല. വളർന്ന കുടുംബസാഹചര്യവും മറ്റും ഈ ചരടുപൊട്ടിച്ചുകൊണ്ടുള്ള ജീവിതാന്വേഷണത്തിന് തടസ്സമായതുമില്ല. സാഹിത്യത്തിലുപരി, രാഷ്ട്രീയ-സാമൂഹ്യ വിഷയത്തിലൂന്നിയുള്ള ബന്ധമായിരുന്നു കേരളവുമായി അവർക്കുണ്ടായിരുന്നത്. കേരളത്തിലെ അതിപ്രശസ്തരായ സാഹിത്യകാരന്മാരോടുള്ള അതേ അടുപ്പം അതിസാധാരണക്കാരായ മനുഷ്യരുമായും അവർ പുലർത്തി. അവർ പങ്കെടുത്ത കേരളത്തിലെ പരിപാടികളുടെ കണക്കെടുത്താൽ



മൂലമ്പിള്ളിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആഗ്നസ് താമസിക്കുന്ന താത്കാലിക ഷെഡ് മഹാശ്വേതാ ദേവി സന്ദർശിക്കുന്നു. ജോഷി ജോസഫ് സമീപം.

ത്ര കൊണ്ടാടപ്പെട്ട ആക്ടിവിസ്റ്റല്ലെങ്കിലും ഇദ്ദേഹമായിരുന്നു കേരളത്തിലെ ആദ്യ ബി.ഒ.ടി വിരുദ്ധസമരത്തിന്റെ(മട്ടാഞ്ചേരി പാലം) നേതാവ്. ഇപ്പോഴും വിവിധ സമരങ്ങൾക്കൊപ്പം ലയിച്ചുചേരുന്ന മജീന്ദ്രനെപ്പോലെയുള്ള നിരവധിപേരുമായി ദീദിക്കുണ്ടായിരുന്ന അടുപ്പത്തിന് ആഴമേറെയായിരുന്നു. നമ്മുടെ എഴുത്തുസമൂഹത്തിലെ പലർക്കുമില്ലാത്ത ഈ പ്രകൃതമാണ് ദീദിയെ എന്നും വ്യത്യസ്തയാക്കിയതും.

ബംഗാളി എഴുത്തുകാരി എന്നതിൽ നിന്ന് ഇന്ത്യൻ എഴുത്തുകാരിയായി പെട്ടെന്ന് വളർന്ന ദീദി കേരളത്തിലാദ്യമായി എത്തുന്നത് 1982ൽ ആണ്. തിളയ്ക്കുന്ന യൗവനത്തിന്റെ അന്നത്തെ ഊർജ്ജകേന്ദ്രമായ ജനകീയസാംസ്കാരികവേദിയുടെ അത്തോളി കൺവെൻഷൻ ഉദ്ഘാടനം ചെയ്യാൻ. ഭരണകൂടത്തിന്റെ നിരീക്ഷണവും കടുത്ത എതിർപ്പും മറികടന്ന് രണ്ട് കൺവെൻഷനുകളാണ് കേരളത്തിൽ സാംസ്കാരികവേദി സംഘടിപ്പിച്ചത്. ഒന്ന് തൃശൂരിലെ അന്തിക്കാട്ടും മറ്റൊന്ന് കോഴിക്കോട് അത്തോളിയിലും. അതിലേക്ക് കൽക്കത്തയിൽനിന്ന് അവരെത്തിയ അനുഭവം സംഘാടകനായ സിവിക് ചന്ദ്രൻതന്നെ ഒരിക്കൽ പറഞ്ഞിരുന്നു. “ക്ഷണം സ്വീകരിച്ചെങ്കിലും അസൗകര്യകരമായ സാഹചര്യം വന്നുചേർന്നതിനെക്കുറിച്ച് പിന്നീടാണ് കത്ത് ലഭിച്ചത്. അവരേതോ ആദിവാസിമേഖലയിലേക്ക് പോകുകയാണെന്നും തിരിച്ചുവരാൻ വൈകുമെന്നതിനാൽ പരിപാടിക്കുണ്ടാകില്ലെന്നുമായിരുന്നു കത്ത്. അതോടെ ധർമസംഘടത്തിലായ ഞാൻ ഈ വിവരം സംഘാടകരായ മറ്റാരോടും പങ്കുവെക്കാതെ ഓരോ ദിവസവും ഓരോ ടെലഗ്രാം വീതം അവർക്കയച്ചുകൊണ്ടിരുന്നു. മുൻനിശ്ചയിച്ചതിലും ഒരു ദിവസം മുൻപേ ദീദി കൊൽക്കത്തയിലെ വീട്ടിലെത്തിയപ്പോൾ അവിടെ കുമിഞ്ഞുകൂടികിടക്കുന്ന ടെലഗ്രാമുകൾ കണ്ട് നേരെ വിമാനത്തിൽ കേരളത്തിലേക്ക് കുതിച്ചെത്തുകയായിരുന്നു”.

സാഹസികമായ ഈ വരവിനുശേഷം എം.ടി കേരള സാഹിത്യ അക്കാദമി പ്രസിഡന്റായിരുന്നപ്പോഴായിരുന്നു രണ്ടാമത്തെ വരവ്. (കേരളത്തിൽ ആദ്യമായാണ് മഹാശ്വേതാദേവി വരുന്നതെന്ന എം.ടിയുടെ അദ്ധ്യക്ഷപ്രസംഗം അന്ന് വേദിയിൽവെച്ചുതന്നെ ദീതി തിരുത്തിയത് മറ്റൊരു ചരിത്രം). കോഴിക്കോട് നടന്ന അധിനിവേശ പ്രതിരോധ സ

കൂടുതലും ആക്ടിവിസ്റ്റുകളുടെ വേദികളായിരുന്നു എന്നുകാണാം. ഗ്രാമഗ്രാമങ്ങളിൽ സജീവമായിക്കൊണ്ടിരിക്കുന്ന വിവിധ ജനകീയസമരങ്ങളുടെ നേതാക്കളുമായും അണികളുമായും അവർ അടുപ്പം സൂക്ഷിച്ചു. ചന്ദ്രശേഖരൻ കൊലപാതകത്തിനുശേഷം അന്നത്തെ സി.പി.എം സംസ്ഥാനസെക്രട്ടറി പിണറായി വിജയന് അവരെഴുതിയ തുറന്ന കത്തിലെ ആദ്യവരികൾതന്നെ നോക്കുക. “തോപ്പുംപടിയിൽനിന്നും മജീന്ദ്രൻ ഇന്നലെ (മെയ് 31,2012) എന്നെ ഫോൺ ചെയ്തു. അദ്ദേഹം വളരെ അസ്വസ്ഥനായിരുന്നു. ഒരു മിസ്റ്റർ മണി, കേരളത്തിൽനിന്നുള്ള ഒരു സി.പി.എം നേതാവ്, ടി.പി ചന്ദ്രശേഖരന്റെ മൃഗീയമായ കൊലപാതകമുൾപ്പെടെയുള്ള രാഷ്ട്രീയ കൊലപാതകങ്ങളെ ന്യായീകരിച്ചതായി എന്നോട് പറഞ്ഞു. ഒരു സാധാരണ മത്സ്യത്തൊഴിലാളി നേതാവാണ് മജീന്ദ്രൻ. അദ്ദേഹത്തെ ഏറ്റവുമധികം അസ്വസ്ഥനാക്കിയത് ഈ സി.പി.എം നേതാവ് എനിക്കെതിരെ നടത്തിയ അശ്ലീലപ്രയോഗങ്ങളായിരുന്നു. ഇങ്ങനെയൊക്കെ കേൾക്കാൻ ഞാൻ എന്ത് അപരാധമാണ് ചെയതത്?..” ദീദിയുടെ ഒഞ്ചിയം സന്ദർശനത്തോട് സി.പി.എം നേതാവ് നടത്തിയ പ്രതികരണത്തിൽ മനംനൊന്ത് അവരെ നേരിട്ട് ഫോൺ ചെയ്ത ഈ മജീന്ദ്രൻ ഒരു സാഹിത്യകാരനല്ല. അ

മിതിയുടെ സംസ്ഥാനകൺവൻഷൻ ഉദ്ഘാടനം ചെയ്യാനെത്തിയതും ദീദിയാണ്. വല്ലാർപാടം ടെർമിനൽ നിർമാണത്തിന്റെ ഭാഗമായി തദ്ദേശവാസികളെ കുടിയൊഴിപ്പിച്ച അതിദയനീയമായ കാഴ്ചയിൽ മനമുരുകി ഇവിടേക്കെത്തിയത് മറ്റൊരു വിവാദത്തിന് തിരികൊളുത്തി. നന്ദിഗ്രാമിലും സിംഗൂരിലും സാധാരണജനതയെ കുടിയൊഴിപ്പിച്ച അതേ വികസന ഫാഷിസം കേരളത്തിലെ സി.പി.എമ്മും ആവർത്തിക്കുകയാണോ എന്ന ചോദ്യമുന്നയിച്ചുകൊണ്ടാണ് അവർ വല്ലാപാടത്തെത്തിയത്. ഇടിച്ചുനിരത്തപ്പെട്ട സ്വന്തം വീടുകൾക്ക് സമീപം നിൽക്കുന്ന പാവങ്ങളുടെ കണ്ണീരൊപ്പാൻ അവരെത്തിയപ്പോൾ ഇവിടുത്തെ ഔദ്യോഗിക സാഹിത്യ സാംസ്കാരിക നേതൃത്വം നിശബ്ദരായി മാളത്തിൽ കഴിയുകയായിരുന്നു. ഇത്തരക്കാർക്കെതിരെ ദീദി രൂക്ഷമായി പ്രതികരിച്ചു. “കേരളത്തിലെ ജനം വികസനത്തിന്റെ ഇരകൾക്കുവേണ്ടി സമരം നടത്തുന്നുണ്ടെങ്കിലും ബുദ്ധിജീവികൾ തങ്ങളുടെ ചാരുകസേരയിൽ ചടഞ്ഞുകൂടിയിരിക്കുകയാണോ” എന്നവർ ചോദിച്ചു. ഇതിനോട് മലയാളത്തിലെ തലയെടുപ്പുള്ള എഴുത്തുകാരിൽ ചിലർ പ്രതികരിക്കുകയുമുണ്ടായി. അതിനും അവർ മറുപടി കൊടുത്തു, “കേരളത്തിലെ എന്റെ സഹസാഹിത്യകാരന്മാർ എന്നോട് വളരെയേറെ കുപിതരാണെന്ന് ഞാൻ മനസിലാക്കുന്നു. സഹോദരീസഹോദരന്മാരെ നിങ്ങളുടെ ദേഷ്യം മാറ്റിവെച്ചുകൊണ്ട് ഒരു സായാഹ്നസവാരിക്കു പോവൂ. നിങ്ങളുടെ ഹൗസിങ് കോളനിയുടെ ചുറ്റുവട്ടമുള്ള ചില ആളുകളെ കാണുമ്പോൾ നിങ്ങൾക്കു കാൽ വഴുതിപ്പോയേക്കും....”.

ഒഞ്ചിയം സന്ദർശനത്തിനുശേഷം ജോഷിജോസഫിന്റെ പുസ്തകപ്രകാശനച്ചടങ്ങിനാണ് അടുപ്പമുള്ളവരുടെയെല്ലാം അമ്മയായ ദീദി ഒടുവിൽ കേരളത്തിലെത്തിയത്. കോഴിക്കോട് അളകാപുരിയിൽ നടന്ന പ്രകാശനചടങ്ങിൽ ചന്ദ്രശേഖരന്റെ ഭാര്യ കെ.കെ രമയുണ്ടായിരുന്നു. നീണ്ടനാളുകൾക്കുശേഷം അർ രണ്ടുപേരും കണ്ടുമുട്ടിയപ്പോൾ ദീദിയുടെ കണ്ണുകൾ വീണ്ടും ഈറനണിഞ്ഞു. ‘മഹാശ്വേതാദേവിയോടൊപ്പം’ എന്ന പുസ്തകം ജോഷിയേട്ടൻ സമർപ്പിച്ചതും സ്വന്തം പുത്രൻ ഓസുവിനും അതേ പ്രായത്തിലുള്ള ടി.പിയുടെ പുത്രൻ അഭനന്ദിനുമായിരുന്നു. അന്നത്തെ വിശ്രമവേളയിൽ ബദൽ ഇടതുപക്ഷത്തെക്കുറിച്ചും ഇപ്റ്റയുടെ പഴയ കാലത്തെക്കുറിച്ചുമൊക്കെയാണ് ദീദി ഇടമുറിയാതെ സംസാരിച്ചത്. കോഴിക്കോട്ട് അവർ മുമ്പ് തങ്ങിയ അതേ ഹോട്ടൽ മുറിയിൽ തുറന്നിട്ട ജാലകത്തോട് ചേർന്ന് വീൽചെയറിലായിരുന്നു ഇരുത്തം. കഴിഞ്ഞ തവണ വരുമ്പോഴുള്ളതിനേക്കാൾ പരിക്ഷീണത ആ മുഖത്തുണ്ടായിരുന്നു. രക്തസമ്മർദ്ദവും പ്രമേഹവുമുള്ളതിനാൽ ഇടവിട്ട് അതിനുവേണ്ട മരുന്നും ഇഞ്ചക്ഷനും എടുക്കണം. സന്ധിവേദനയും നീരുമുള്ളതിനാൽ നടക്കാൻ നന്നെ പ്രയാസമാണ്. ഏറെ നേരെ മൗനമായിരിക്കുമ്പോഴും പെട്ടെന്ന് ഉച്ചത്തിൽ ജോഷിയെ വിളിക്കും. ഒരു തമാശ പറയും. പാട്ട് പാടും. എല്ലാം കൊണ്ടും അവരെ കാണുമ്പോഴൊക്കെയും ഘട്ടക്കിന്റെ (ദീദിയുടെ ചെറിയച്ഛൻ, ഘട്ടക്കിന്റെ സിനിമയിൽ അഭിനയിച്ചിട്ടുമുണ്ട് ദീദി) സിനിമയാണ് മനസ്സിലേക്ക് ഓടിയെത്തുന്നത്. അതീവഹൃദ്യമായ ഘട്ടക്ക് സിനിമയിൽ സംഗീതം ജീവവായുവാണ്. സിനിമയിൽ എപ്പോഴാണ് പാട്ട് നമ്മെ പിടികൂടുകയെന്ന് പറയാനാകില്ല. രാഷ്ട്രീയവും സംഗീതവുമൊക്കെ ഇഴചേർത്ത് ജീവിതത്തെ തീവ്രമായി അവതരിപ്പിക്കുന്ന ചെറിയച്ഛന്റെ മിന്നലാട്ടം ഉള്ളിലുള്ളതിനാലാകാം, പഴയ വിപ്ലവഗാനങ്ങളും നാടോടിഗാനങ്ങളുമൊക്കെ ദീദിയിൽനിന്ന് ഇടമുറിയാതെ വരും. ‘ജോഷീ ഞാനൊരു പാട്ട് പാടട്ടെ’ എന്ന ചോദ്യത്തിന്റെ അകമ്പടിയോടെ ഓർമ വറ്റാത്ത കണ്ഠത്തിലൂടെ അത് പെയ്തിറങ്ങും.

“ജാഗോ ജാഗോ (ഉണരൂ..ഉണരൂ..) സർബോ ഹാരാ (സർവരാജ്യത്തൊഴിലാളികളേ..) ഉഠീ അച്ചേൻ...(ഉണർന്നെഴുന്നേൽക്കുവിൻ....) മുക്തീർ ആശ...(മുക്തിക്കുവേണ്ടി)...കമ്യൂണിസ്റ്റ് ഇന്റനാഷണൽ ഇടവിട്ട് കടന്നുവരും. ഇപ്റ്റയുടെ (India Peoples

നന്ദിഗ്രാമിലും സിംഗൂരിലും സാധാരണ ജനതയെ കുടിയൊഴിപ്പിച്ച അതേ വികസന ഫാഷിസം കേരളത്തിലെ സി.പി.എമ്മും ആവർത്തിക്കുകയാണോ എന്ന ചോദ്യമുന്നയിച്ചുകൊണ്ടാണ് അവർ വല്ലാപാടത്തെത്തിയത്. ഇടിച്ചുനിരത്തപ്പെട്ട സ്വന്തം വീടുകൾക്ക് സമീപം നിൽക്കുന്ന പാവങ്ങളുടെ കണ്ണീരൊപ്പാൻ അവരെത്തിയപ്പോൾ ഇവിടുത്തെ ഔദ്യോഗിക സാഹിത്യ സാംസ്കാരിക നേതൃത്വം നിശബ്ദരായി മാളത്തിൽ കഴിയുകയായിരുന്നു. ഇത്തരക്കാർക്കെതിരെ ദീദി രൂക്ഷമായി പ്രതികരിച്ചു.

Theatre Association) സ്ഥാപക അംഗവും നാടകകൃത്തും സി.പി.ഐ അംഗവുമായ ബിജോൺ ഭട്ടാചാര്യയെയാണ് ദീദി വിവാഹം ചെയ്തത്. ബിജോണിൽനിന്നാണ് ഇടതുപക്ഷ ആശയം അവർ കൂടുതലും സ്വാംശീകരിച്ചത്. ഓർമകളിൽ ആദിവാസിഗാനവും രബീന്ദ്രസംഗീതവുമൊക്കെ അലയടിക്കും. ഗുരുവായ ടാഗോറിന്റെ നിരവധി ഗാനങ്ങൾ ആലപിക്കുന്നത് കേട്ടിരുന്നിട്ടുണ്ട് കഴിഞ്ഞ തവണത്തെ സന്ദർശനവേളയിൽ. ഭാഷയിൽ അപരിചിതത്വമുണ്ടെങ്കിലും സംഗീതം നമ്മെ എവിടെയൊക്കെയോ വലിച്ചടുപ്പിക്കുന്നു, സമാശ്വസിപ്പിക്കുന്നു. ദീദിയുടെ സാമീപ്യം ഒരു ലഹരിപോലെ അനുഭവിച്ച മണിക്കൂറുകൾ മനസിലേക്കോടിയെത്തുന്നു. 2012 മെയ് 12ന് ഒഞ്ചിയം സന്ദർശനവും കോഴിക്കോട്ടെ പ്രതിഷേധസംഗമവും കഴിഞ്ഞ് ഏറെ വൈകിയാണ് ദീദി ഹോട്ടലിലേക്ക് മടങ്ങിയത്. പിറ്റേന്ന് പൂർണവിശ്രമമായതിനാൽ ഹോട്ടലിലേക്കെത്തണമെന്ന് ജോഷിയേട്ടൻ നിർബന്ധം പിടിച്ചു. അന്നാണ് ദീദിയോടൊപ്പം ഏറെനേരമിരിക്കാനും സംസാരിക്കാനും അവസരം ലഭിച്ചത്. സന്ദർശകരായി ചില മാധ്യമ പ്രവർത്തകരും കെ.അജിതയും സിവിക്ചന്ദ്രനും ഫോട്ടോഗ്രാഫർ മധുരാജും അടക്കം ചിലരെത്തിയിരുന്നു. അഭിമുഖവും സംസാരവും പാട്ടുമൊക്കെയായി ദീദി ലയിച്ചിരിക്കുകയാണ്. ഇടയ്ക്ക് ജനൽചില്ലിലൂടെ ആകാശത്തേക്ക് കണ്ണുനട്ട് നിശബ്ദയാകും. അതിനിടയിൽ ചില പരിഭവവും പറഞ്ഞു. ആത്മമിത്രമമായ കേരളത്തിലെ പ്രശസ്തസാഹിത്യകാരൻ (ജ്ഞാനപീഠജേതാവ്) താൻ കോഴിക്കോട്ടുണ്ടായിട്ടും കാണാനെത്താത്തതിലുള്ളതായിരുന്നു അത്. ഇതേ മാന്യദേഹത്തിനുവേണ്ടി കേന്ദ്രസാഹിത്യ അക്കാദമി തിരഞ്ഞെടുപ്പിൽ വോട്ട് പിടിക്കാൻ മുന്നിൽ നിന്നത് ദീദിയായിരുന്നു. എന്നിട്ടും ഇങ്ങനെയൊരാൾ കേരളത്തിലെത്തിയിട്ട് കാണാൻ കൂട്ടാക്കാത്തതിലുള്ള പരിഭവം പിന്നീടെപ്പോഴെങ്കിലും പരിഹരിക്കപ്പെട്ടോ എന്നറിയില്ല. അതെ, മഹാശ്വേതാദേവിയെ പ്രശസ്തരേക്കാൾ മനസിലാക്കിയിരുന്നത് വെറും സാധാരണക്കാരാണെന്നതിന് തെളിവ് വേറെ വേണ്ടതില്ലല്ലോ. ആദ്യമായി കേരളത്തിൽ തന്നെ ക്ഷണിച്ചുകൊണ്ടുവന്ന സിവിക് ചന്ദ്രനെ കണ്ടപ്പോൾ "താൻ വന്നിരുന്നില്ലെങ്കിൽ തന്നെ ഞാൻ ശപിച്ചേനെ" എന്ന് തമാശരൂപേണ പറഞ്ഞപ്പോൾ വലിയൊരു പൊട്ടിച്ചിരി അവിടെ ഉയർന്നു.

രാഷ്ട്രീയവും തമാശയും ക്ഷോഭവും സംഗീതവുമൊക്കെ ചേർന്നുള്ള ദീദിയുടെ സഹജമായ ഇടപെലുകൾക്ക് ഇനിയെത്ര ദൈർഘ്യമുണ്ടാകുമെന്ന് അവസാനത്തെ സന്ദർശനവേളയിലും ആശങ്കപ്പെട്ടിരുന്നു. ഇടയ്ക്ക് ജോഷിയേട്ടനെ വിളിക്കുമ്പോഴൊക്കെ അവരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് ആരായാറുണ്ട്. ഒടുക്കം, മലയാളിയുടെ കൂടി നാവായി മാറിയിരുന്ന ആ ധീരവനിതയുടെ മരണവാർത്ത കഴിഞ്ഞ ദിവസം ചെവിയിലെത്തി. കുതിച്ചും കിതച്ചും ചിലപ്പോൾ ശാന്തമായും ഒഴുകിയ അവരുടെ സർഗാത്മക/ആക്ടിവിസ്റ്റ് ജീവിതം ജോഷിയേട്ടൻ വ്യത്യസ്തമായ ദൃശ്യഭാഷയിൽ രണ്ടു ഡോക്യുമെന്ററികളിലായി പകർത്തിവെച്ചിട്ടുണ്ട്. മനസ്സിലെന്നും തങ്ങിനിൽക്കാവുന്ന നിരവധി ദൃശ്യങ്ങളുണ്ടതിൽ ദീദിയുടേതായി. അതിലൊന്നാണ് തീവണ്ടിയാത്ര. ട്രെയിൻ വിന്റോയിലൂടെ അനന്തതയിലേക്ക് ദൃഷ്ടി പതിച്ചുകൊണ്ടുള്ള അവരുടെ ഇരുത്തവും ജനലിലൂടെ ഊർന്നിറങ്ങുന്ന മഴനാരുകളെ കുട്ടികളെപ്പോലെ കൈകൊണ്ടെടുത്ത് മുഖവും നെറ്റിയും തണുപ്പിക്കുന്നതും വീണ്ടും ടവൽ നനക്കുന്നതും..., ബംഗാൾ സർക്കാർ കർഷകരെ വെടിവെച്ചിട്ട നന്ദിഗ്രാമിലേക്കുള്ള കാർ യാത്രയാണ് മറ്റൊന്ന്. അവിടുത്തെ സാധാരണ സ്ത്രീകൾ കരഞ്ഞുകൊണ്ട് കെട്ടിപ്പിടിക്കുമ്പോൾ ഇടയ്ക്ക് കണ്ണടയൂരി ടവൽകൊണ്ട് കണ്ണു തുടയ്ക്കുന്ന ദീദിയുടെ ദീനഭാവം..... അങ്ങനെ നിരവധി ദൃശ്യങ്ങൾ. കൃത്രിമ ഭാവാഹാദികളും ജാഡകളും കുടഞ്ഞെറിഞ്ഞ വിശ്വപ്രസിദ്ധ എഴുത്തുകാരിയുടെ വിയോഗം എത്രയോ പാവങ്ങളുടെ/ആദിവാസികളുടെ ഒടുങ്ങാത്ത വേദനയാണ്. ബിഹാർ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവടങ്ങളിലെ ആദിവാസികൾക്ക് ദീദി ദൈവമാണ്. അവർക്കുമുന്നിൽ ദീദിക്ക് പകരം വെക്കാൻ മറ്റാരുമില്ല. തന്റെ മരണത്തെക്കുറിച്ച് Journeying with Mahaswetadevi എന്ന ഡോക്യുമെന്ററിയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട് അവർ. അതിവിടെ പകർത്തിവെച്ചുകൊണ്ട് ഈ എഴുത്ത് അവസാനിപ്പിക്കാമെന്ന് തോന്നുന്നു.

"*നിങ്ങൾ മരണത്തെക്കുറിച്ച് എന്ത് പറയുന്നു?*
*മരണം ഒരു ദുരന്തസംഭവമാണെന്ന് വിചാരിക്കുന്നുണ്ടോ?*
*മഹാശ്വേതാദേവി: ഇല്ല. യുക്തിസഹമായ ഒരു സംഭവംമാത്രം*
*ഡോ.ജി.എൻ ദേവി (എഴുത്തുകാരനും ആക്ടിവിസ്റ്റും): സ്വാഭാവികം*
*മഹാശ്വേതാദേവി: അതേ...സ്വാഭാവികം. മരണത്തിനുശേഷമോ? എന്നെ സംബന്ധിച്ചിട*

*ത്തോളം ഞാൻ എന്നന്നേക്കുമായി ജീവിക്കാൻ, ചിരഞ്ജീവിയാവാൻ ഇഷ്ടപ്പെടുന്നു. അതാണ് ഞാൻ നിങ്ങളോട് ആവശ്യപ്പെട്ടത്. അതു ഞാൻ എഴുതിവെക്കും. എന്റെ മൃതദേഹം കത്തിക്കരുത്. ഞാൻ ചാരം ആവുന്നതിൽ വിശ്വസിക്കുന്നില്ല. എന്നെ എവിടെയെങ്കിലും കുഴിച്ചിടണം. പുരുളിയയിൽ കുഴിച്ചിട്ടാൽ എനിക്കിഷ്ടപ്പെടും. പക്ഷേ അവരൊക്കെ പഴയവരാ... മുട്ടൻ ഹിന്ദുക്കൾ! അവർ അനുവദിക്കില്ല. തേജ്ഗർ (ഗുജറാത്ത്) ആണ് ഏറ്റവും നല്ലത്. നമ്മൾ തിരഞ്ഞെടുത്ത സ്ഥലം ഞാൻ കണ്ടു. ഞാൻ മരിച്ചാൽ എന്നെ കുഴിച്ചിട്ടിട്ട് അതിന്റെ മീതെ ഒരു മഹുവാമരം (ആദിവാസിമേഖലയിൽ ധാരാളമായി കാണപ്പെടുന്ന മരം) നടണം. അവിടെയുള്ള മഹുവയോട് എനിക്ക് വലിയ സ്നേഹമാ, ജീവിക്കുന്ന, അതിജീവിക്കുന്ന, ഒരു മരം.*

*........*

*മഹാശ്വേതോദേവി: പുഴയിൽ പോയി നിമജ്ജനം ചെയ്തില്ലെങ്കിലും മണ്ണിൽ പുതഞ്ഞുകിടക്കണം. ഭൂമിയാണ്, മണ്ണാണ് ആത്യന്തികമായി തരികയും സ്വീകരിക്കുകയും ചെയ്യുന്നത്. മണ്ണ് നമ്മളെ സ്വീകരിക്കട്ടെ. അവളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കട്ടെ.*

*ഡോ. ജി.എൻ ദേവി: ഒഴുക്കിലൂടെ ഒഴുകുന്നതാണ് എനിക്കിഷ്ടം.*

*മഹാശ്വേതാദേവി: എനിക്കറിയാം. ഒഴുക്കിലൂടെ പോവുക, മീനുകൾ തിന്നുക, ഭൂമിക്കുള്ളിലാവുക, കീടങ്ങൾ തിന്നുതീർക്കുക...ഭൂമി നമ്മുടെ ദേഹങ്ങൾകൊണ്ട് ഉർവരയാകും..."* ■

2008ൽ ഇവിടെ വന്നപ്പോൾ, മൂലമ്പിള്ളി കുടിയൊഴിപ്പിക്കലിനെതിരെ പ്രതികരിക്കാത്ത കേരളത്തിലെ എഴുത്തുകാരെ രൂക്ഷമായ ഭാഷയിൽ മഹാശ്വേതാ ദേവി വിമർശിച്ചിരുന്നു. എന്നാൽ അവരെ അധിക്ഷേപിക്കും വിധമുള്ള മറുപടികളുമായാണ് സുകുമാർ അഴീക്കോട് അടക്കമുള്ളവർ അതിനോട് പ്രതികരിച്ചത്. ഇതിനെതിരെ, മഹാശ്വേതാ ദേവിയെ പിന്തുണച്ച് ഒരു കൂട്ടം സാംസ്കാരിക പ്രവർത്തകർ ഒപ്പുവച്ച പ്രസ്താവന പുനഃപ്രസിദ്ധീകരിക്കുന്നു.

# മൂലമ്പിള്ളിക്കാരെ അപമാനിച്ച 'സാംസ്കാരിക' അപചയത്തിനെതിരെ

വരുംനാളുകളിൽ കൊച്ചിയുടെയും കേരളത്തിന്റെയും സമഗ്രവികസനത്തിന് വലിയ മുതൽക്കൂട്ടാകുമെന്ന് പറയപ്പെടുന്ന വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട എറണാകുളം ജില്ലയിലെ മൂലമ്പിള്ളിയിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പുനരധിവാസ സൗകര്യങ്ങൾ നൽകാതെ ഇടതുപക്ഷ സർക്കാർ വസ്തുതകൾ മറച്ചുവച്ച് വികസന പദ്ധതികളുടെ പേരിൽ മാന്യന്മാരാകാൻ ശ്രമിക്കുന്നത് തീർത്തും മനുഷ്യത്വരഹിതമാണ്. പുനരധിവാസ സൗകര്യം നൽകാതെ സ്ഥലമൊഴിഞ്ഞ് കൊടുക്കുന്നതിനുള്ള സമ്മതപത്രത്തിൽ ഒപ്പുവയ്ക്കാതെയിരുന്ന മൂലമ്പിള്ളി നിവാസികളെ പോലീസ് ബലപ്രയോഗത്താൽ കുടിയൊഴിപ്പിച്ചതും അവരുടെ വീടുകൾ പൊളിച്ചുമാറ്റിയതും കൂടാതെ വികസന വിരോധികളെന്ന് മുദ്രചാർത്തി അവരുടെ പ്രാഥമിക ആവശ്യങ്ങൾപോലും പരിഗണിക്കാതിരിക്കുന്നതും ഏത് വികസന ധാർമ്മികതയുടെ ചട്ടക്കൂട്ടിലാണ് ന്യായീകരിക്കപ്പെടുന്നത്? വികസനമുഷ്കിന്റെ പേരിൽ തെരുവിലിറക്കപ്പെട്ട മൂലമ്പിള്ളിക്കാരോട് സർക്കാർ കാണിച്ച കടുത്ത അനീതിക്കെതിരെ ഇടതുപക്ഷ വിധേയത്വംകൊണ്ട് സാംസ്കാരിക കേരളം മൗനം പാലിക്കുകയാണ്. ഒടുവിൽ മഹാശ്വേതാദേവിയെപ്പോലെ പ്രശസ്തയായൊരെഴുത്തുകാരി മൂലമ്പിള്ളിയിലെ അനീതിക്കെതിരെ രംഗത്തെത്തുകയും കേരളത്തിലെ സാംസ്കാരിക പ്രവർത്തകരുടെ ഈ മൗനത്തെ ശക്തമായ രീതിയിൽ വിമർശിക്കുകയും ചെയ്തപ്പോഴാണ് കേരളത്തിലെ ഇടതുപക്ഷസാംസ്കാരിക ജീവികൾക്ക് അനക്കം തട്ടിയതെന്നു തോന്നുന്നു. മൂലമ്പിള്ളിയിൽ അനീതിയൊന്നും നടന്നിട്ടില്ലെന്നും മഹാശ്വേതാദേവിയെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണെന്നും മന്ത്രിമാരായ എം.എ. ബേബിയും കെ.പി. രാജേന്ദ്രനും പറഞ്ഞപ്പോൾ, പത്രറിപ്പോർട്ടുകളനുസരിച്ച് കേരള സാഹിത്യ അക്കാദമി പ്രസിഡന്റായ എം. മുകുന്ദനും സാഹിത്യകാരനായ വൈശാഖനും ഒരു പടികൂടി കടന്ന് അവർക്ക് മലയാള സാഹിത്യകാരന്മാരെയും മുഖ്യമന്ത്രിയെയും വിമർശിക്കുവാൻ എന്തധികാരം എന്നുവരെ ചോദിച്ചതായി കാണുന്നു. കേരളത്തിലെ മുൻപന്തി സാംസ്കാരിക നായകനായി അറിയപ്പെടുന്ന സുകുമാർ അഴീക്കോട് വേറൊരു പത്രറിപ്പോർട്ടനുസരിച്ച് സാഹിത്യകാരന്മാരെക്കൂടി പിന്നിലാക്കിയിരിക്കുന്നു. ജീവിതകാലം മുഴുവൻ സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്കും ഭൂരഹിതർക്കും വേണ്ടി പ്രവർത്തിച്ച ലോകം അറിയുന്ന സാഹിത്യകാരിയും സാമൂഹ്യപ്രവർത്തകയുമായ മഹാശ്വേതാദേവിയെ അദ്ദേഹം വിശേഷിപ്പിച്ചത് രാഷ്ട്രത്തിന്റെ അപമാനം എന്നാണത്രേ. ഇവരൊക്കെയാണ് നമ്മുടെ സാംസ്കാരികരംഗത്തെ പ്രതിനിധീകരിക്കുന്നതെങ്കിൽ അവർ സാംസ്കാരിക കേരളത്തെയും അനീതിക്കിരകളായിരിക്കുന്ന മൂലമ്പിള്ളിയിലെ പാവപ്പെട്ടവരെയും ഒന്നിച്ച് അപമാനിച്ചിരിക്കുന്നുവെന്ന് രേഖപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**ആനന്ദ്, കെ.ജി. ശങ്കരപ്പിള്ള, സി.ആർ. പരമേശ്വരൻ, കെ. അരവിന്ദാക്ഷൻ, കെ. അജിത, കെ. വേണു, റോസ് മേരി, അനിത തമ്പി, പി.എൻ. ഗോപീകൃഷ്ണൻ, എസ്. ജോസഫ്, എം.ബി. മനോജ്, വി.എം. ഗിരിജ, അൻവർ അലി, റഫീക് അഹമ്മദ്, വി.സി. ഹാരിസ്, ജെ. ദേവിക, ജി. ഉഷാകുമാരി, മനോജ് കുറൂർ, സച്ചിദാനന്ദൻ പുഴങ്കര, ഇ. സന്തോഷ്കുമാർ, സുസ്മേഷ് ചന്ദ്രോത്ത്, കെ.വി. അനൂപ്, ഉണ്ണി ആർ., വീരാൻകുട്ടി, ശ്രീകുമാർ കരിയാട്...**